പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5072 24.10.2011 - ൽ മറുപടിക്ക്

## ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-2 ന്റെ നിരവധി ഒഴിവുകൾ നിലവിൽ ഉണ്ടായിട്ടും ആയത് നികത്തുന്നതിന് നടപടികൾ ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കമോ; | എ) | ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -2 ന്റെ എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമന ഉത്തരവുകൾ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തപ്പെടുകയും ചെയ്യുന്നുണ്ട്. |
| ബി) | ആരോഗ്യ മേഖലയിൽ ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കുന്നതിനും മരുന്നും മറ്റ് അത്യാവശ്യ ഉപകരണങ്ങളും എത്തിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ; | ബി) | ഉണ്ടാകും |
| സി) | ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ തിരിച്ച് കൊണ്ടു വരുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ? | സി) | ആരോഗ്യ രംഗത്ത് ഇതുവരെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനുള്ള താഴെ പറയുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. പൊതുജനാരോഗ്യ പ്രവർത്തനങ്ങളും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും.<br>2. മാതൃ ശിശു ആരോഗ്യ പ്രവർത്തനങ്ങൾ<br>3. ആരോഗ്യ സ്ഥാപനങ്ങളിലേയും, ആശുപത്രികളിലേയും അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ<br>4. ആശുപത്രികളിലേയും, ആരോഗ്യ സ്ഥാപനങ്ങളിലേയും, ലബോറട്ടറി സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ<br>5. ആശുപത്രികളിലേയ്ക്ക് ആവശ്യമായ |

| | | | |
|---|---|---|---|
| | | | മരുന്നുകൾ കെ.എം.എസ്.സി.എൻ വഴി കൃത്യമായി ലഭ്യമാക്കൽ<br>6. ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള പുതിയ പ്രവർത്തനങ്ങൾ<br>7. കമ്മ്യൂണിറ്റി, മെന്റൽ ഹെൽത്ത് പ്രോഗ്രാം, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോഗ്രാം തുടങ്ങിയവയുടെ നടത്തിപ്പ്.<br><br>കൂടാതെ, ആരോഗ്യ മേഖലയിൽ സംസ്ഥാന പ്ലാൻ ഫണ്ടും, കേന്ദ്രാവിഷ്കൃത പദ്ധതികളും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും (ഫണ്ടും) ഏകോപിപ്പിച്ച് ആരോഗ്യ മേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ടതാക്കാൻ പരിശ്രമിച്ചും വരുന്നു. |

സെക്ഷൻ ഓഫീസർ